4. എം.സി. റോഡിന്റെ വികസനത്തിനായി കൃഷി വകപ്പിന്റെ ഉടമസ്ഥത യിലുള്ള കോട്ടയം ജില്ലയിലെ കോഴാഫാമിന്റെ ഏകദേശം 42.2 ആർ സ്ഥലം നൽകുന്നതിന് സ.ഉ.(എം.എസ്)നമ്പർ 507/14/റവന്യൂ, തീയതി 6-12-2014 പ്രകാരം ഉത്തരവായിട്ടുണ്ട്.

5. ഇടുക്കി ജില്ലയിലെ അരീക്കുഴ ജില്ലാ കൃഷിത്തോട്ടത്തിൽനിന്നും 10 ഏക്കർ സ്ഥലം സ.ഉ.(കൈ) നമ്പർ 488/13/റവന്യൂ തീയതി 1-11-2013 പ്രകാരം കേരള ഫീഡ്സ് ലിമിറ്റഡിന് കൈമാറിയിട്ടുണ്ട്.

6. തൃശ്ശൂർ ജില്ലയിലെ പാണഞ്ചേരി സ്റ്റേറ്റ് സീഡ് ഫാമിന്റെ ഭാഗമായ 1ഏക്കർ 12.75 സെന്റ് സ്ഥലം എൻ.എച്ച്.47 ആറുവരിപ്പാതയാക്കുന്നതിന്റെ ഭാഗമായി നോട്ടിഫിക്കേഷൻ നൽകി വിട്ടുനൽകുവാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയതിന് സംസ്ഥാനതലത്തിൽ അന്തിമ തീരുമാന ഉത്തരവ് ലഭിച്ചിട്ടില്ല.

7. പാലക്കാട് ജില്ലയിലെ എരുത്തേമ്പതി ഐ.എസ്.ഡി ഫാമിൽനിന്നും സർവ്വേ നമ്പർ 194/1- ൽ 93.82 സെന്റ് സ്ഥലം കേരള സ്റ്റേറ്റ് സീഡ് ഡെവലപ്മെന്റ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

8. വയനാട് ജില്ലയിലെ സുൽത്താൻബത്തേരി ARWM (കാർഷിക ഗ്രാമീണ മൊത്ത വ്യാപാര വിപണി)-ൽനിന്നും കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ മോഡേൺ റൈസ് മിൽ സ്ഥാപിക്കുന്നതിനായി 50 സെന്റ് സ്ഥലം വിട്ടുനൽകിയിട്ടുണ്ട്.

കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശഭൂമി

106 (2739) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ജില്ലയിൽ കേരള പ്ലാന്റേഷൻ കോർപ്പറേഷന്റെ കൈവശം ആകെ എത്ര ഏക്കർ ഭൂമിയാണ് ഉള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) കഴിഞ്ഞ 2006-ന്ശേഷം പ്ലാന്റേഷൻ കോർപ്പറേഷൻ കൈവശ ഭൂമിയിൽനിന്ന് എത്ര ഭൂമിയാണ് സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും പതിച്ചു കൊടുത്തതെന്ന് സ്ഥാപനം, വ്യക്തി, വർഷം, പതിച്ചുകൊടുത്ത ഭൂമിയുടെ അളവ് എന്നിവയുടെ പട്ടിക ലഭ്യമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പൊതുമേഖലാ സ്ഥാപനമായ പ്ലാന്റേഷൻ കോർപ്പറേഷന് കാസർഗോഡ് ജില്ലയിൽ 2293.6 ഹെക്ടർ ഭൂമിയാണ് കൈവശമുള്ളത്.

(ബി) 16-2-2011-ലെ ജി.ഒ.(എംഎസ്.)77/2011/റവന്യൂ നമ്പർ ഉത്തരവ് പ്രകാരം കോർപ്പറേഷൻ സെൻട്രൽ യൂണിവേഴ്സിറ്റിക്കുവേണ്ടി 310 ഏക്കർ ഭൂമി നൽകിയിട്ടുണ്ട്.

വാടക കെട്ടിടങ്ങളിലെ കൃഷി ഓഫീസുകൾ

107 (2740) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇടുക്കി ജില്ലയിൽ സ്വന്തമായി കെട്ടിടം ഇല്ലാത്ത എത്ര കൃഷി ഓഫീസുകൾ പ്രവർത്തിക്കുന്നുണ്ട് ; വിശദാംശം നൽകാമോ ;

(ബി) പഞ്ചായത്ത് ഓഫീസുകളോട് ചേർന്ന് കെട്ടിട സൗകര്യം ഉണ്ടായിട്ടും മറ്റ് കെട്ടിടങ്ങളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന സാഹചര്യം ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) ഇടുക്കി ജില്ലയിൽ വാടക [illegible] പ്രവർത്തിക്കുന്ന 7 ഓഫീസുകൾ ഉണ്ട്. അവ താഴെ പറയുന്നവയാണ്.

കൃഷി ഭവൻ - മറയൂർ, [illegible], തൊടുപുഴ, അടിമാലി

കൃഷി അസിസ്റ്റന്റ് ഡയറക്ടർ ഓഫീസ് - അടിമാലി, നെടുങ്കണ്ടം

അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ (അഗ്രി) ഓഫീസ്-തൊടുപുഴ

(ബി) പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് കെട്ടിട സൗകര്യം ഉണ്ടായിട്ടും മറ്റ കെട്ടിടങ്ങളിൽ വാടകയ്ക്ക് പ്രവർത്തിക്കുന്ന കൃഷി ഓഫീസുകൾ ഇടുക്കി ജില്ലയിൽ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

കൃഷി നശിച്ചവർക്കുള്ള നഷ്ടപരിഹാരം

108 (2741) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly